# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 2**

---

## ജൂണിയർ റിസർച്ച് ഫെലോ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ സഹകരണത്തോടെ നടത്തുന്ന കൺസൽട്ടൻസി പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

പോളിമെർ കെമിസ്ട്രിയിലോ റബർ ടെക്നോളജിയിലോ ഫസ്റ്റ് ക്ലാസോടെ എം.ടെക് അല്ലെങ്കിൽ എം.ഇ, പോളിമെർ കെമിസ്ട്രിയിലോ പോളിമെർ സയൻസിലോ സമാന വിഷയങ്ങളിലോ എം.എസ്.സി ഇവയിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം.

പോളിമെറിക് മെറ്റീരിയൽ മേഖലയിൽ പ്രവൃത്തിപരിചയമോ പോളിമെർ സയൻസ് ആന്റ് ടെക്നോളജിയിൽ അടിസ്ഥാന ധാരണയോ അഭികാമ്യം. മൂന്നു വർഷമാണ് പ്രോജക്ടിന്റെ ദൈർഘ്യം.

താത്പര്യമുള്ളവർ യോഗ്യതാ രേഖകളുടെ പകർപ്പുകൾ സഹിതം sabuthomas@mgu.ac.in എന്ന വിലാസത്തിൽ നവംബർ 12നു മുൻപ് അപേക്ഷ നൽകണം. ഫോൺ-8089117630

(പി.ആർ.ഒ/39/1314/2023)

## കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ ജൂനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ, സീനിയർ സോഫ്റ്റ് വെയർ ഡെവലപ്പർ തസ്തികകളിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

രണ്ടു തസ്തികകളിലെയും മൂന്നു വീതം ഒഴിവുകളിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം.

താല്പര്യമുള്ളവർ ബയോഡേറ്റ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം notificationada4@mgu.ac.in എന്ന മെയിലിൽ നവംബർ 13നകം അയക്കണം. ബയോഡാറ്റയുടെയും രേഖകളുടെയും ഓരോ പകർപ്പുകൾ 'ദി രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി.ഒ, കോട്ടയം-686 560' എന്ന വിലാസത്തിൽ തപാലിലും അയക്കണം.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ: 0481-2733541

(പി.ആർ.ഒ/39/1315/2023)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ഐ.എം.സി.എ(2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1316/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് മൈക്രോബയോളജി(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019-2021 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഏഴ്, ഏട്ട് തീയതികളിൽ പാലാ, സെൻറ് തോമസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

.......................

അഞ്ചാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ - ഒക്ടോബർ 2023) പരീക്ഷുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ആറിന് തൃക്കാക്കര ഭാരത മാതാ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1317/2023)

## പരീക്ഷാ ഫലം

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെപ്റ്റംബറിൽ നടത്തിയ (202123 ബാച്ച്, ക്രെഡിറ്റ് ആൻറ് സെമസ്റ്റർ) നാലാം സെമസ്റ്റർ എം.എസ്.സി കെമിസ്ട്രി(ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ)

........................

നാലാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആൻ അക്വാ കൾച്ചർ(പി.ജി.സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 17 വരെ ഒൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1318/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**